# 10

# ജീവിതത്തിന്റെ ശരിയായ വശം ഉയർത്തുക

## (സഭാപ്രസംഗി 7; 8)

മുൻഗണനകളെ സംബന്ധിച്ച് ആളുകൾ എത്രമാത്രം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു എന്ന് 7 ഉം 8 ഉം അദ്ധ്യായങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന പല വ്യത്യാസങ്ങളും നമുക്ക് എടുത്തുകാണിക്കുവാൻ കഴിയും. നാം നല്ലതെന്ന് വിചാരിച്ച് തിരഞ്ഞെടുക്കുന്നവ പലപ്പോഴും നല്ലതായിരിക്കണമെന്നില്ല. നാം ജീവിതത്തെ നോക്കുന്നത് തലതിരിച്ചാണ്, എന്നിട്ടും നാം ശരിയായിട്ടാണ് നില്ക്കുന്നതെന്നാണ് ചിന്തിക്കുന്നത് ദൈവത്തെ കൂടാതെയുള്ള മനുഷ്യന്റെ ജീവിതം തലതിരിഞ്ഞതാണ്, എങ്കിലും അയാൾ അത് തിരിച്ചറിയുന്നില്ല. പൗലൊസും കൂട്ടരും തെസലൊനിക്യയിൽ ചെന്നപ്പോൾ അവിടെയുള്ളവർ അവരെ കുറ്റപ്പെടുത്തിയത് ലോകത്തെ കീഴ്മേൽ മറിച്ചവർ എന്നാണ് (പ്രവൃത്തികൾ 17:6). വാസ്തവത്തിൽ, അത് തലതിരിഞ്ഞിരിക്കയായിരുന്നു, ക്രിസ്ത്യാനികളാണ്, അവരെ ശരിയായി നിൽക്കുമാറാക്കിയത്.

ശലോമോൻ പറഞ്ഞതായ ജീവിതത്തിലെ നന്മകളെ, ശരാശരി ആളുകൾ നന്മയായി കണക്കാക്കിയിരുന്നില്ല. ശലോമോൻ കതായ ചില നല്ല അനുഭവങ്ങൾ നാം ഉപേക്ഷിക്കുവാനാണ് ശ്രമിക്കുക, കാരണം അവ നമുക്ക് സുഖകരമല്ല.

### സാഹചര്യങ്ങളെ നാം അങ്ങനെ തന്നെ കാണുക (7:1-7)

ഒന്നാമത്, വിലയേറിയ സുഗന്ധദ്രവ്യത്തേക്കാൾ നല്ല പേരാണ് ഉത്തമം എന്നു ശലോമോൻ പറഞ്ഞു. വിലകൂടിയ സുഗന്ധദ്രവ്യങ്ങൾ ബൈബിൾ കാലഘട്ടത്തിൽ നിധിയായി കണക്കാക്കിയിരുന്നു. വിലയേറിയ സ്വഛജഡമാംസതൈലം കൊ് യേശുവിന്റെ കാലിൽ പൂശിയപ്പോൾ യൂദാക്ക് അലോസരമുായി. അത് മുന്നൂറു വെള്ളിക്കാശിനു വിറ്റു ദരിദ്രർക്ക് കൊടുക്കാമായിരുന്നു എന്ന് അവൻ ഉടനെ പറഞ്ഞു. ദരിദ്രരെ കുറിച്ച് വിചാരമുായതുകൊല്ല അവൻ അത് പറഞ്ഞത്; അവൻ ആ സംഘത്തിന്റെ പണസഞ്ചി സൂക്ഷിപ്പുകാരനായിരുന്നു, തന്റെ സഞ്ചിയിൽ പണം ഉാകണമെന്നാണ് അവൻ ആഗ്രഹിച്ചത് (യോഹന്നാൻ 12:1–6). സദൃശവാക്യങ്ങൾ 22:1 പറയുന്നു, "അനവധി സമ്പത്തിലും സൽകീർത്തിയും വെള്ളിയിലും പൊന്നിലും കൃപയും നല്ലത്." "യൂദാ" എന്ന പേർ എപ്പോഴും അപഹാസ്യമായിട്ടാണ് പെരുമാറിയിട്ടുള്ളത്, കാരണം അവൻ തന്റെ മനസിൽ ജീവിതത്തെ കതു തലതിരിഞ്ഞാണ്. ശരിയായ മുൻഗണനാക്രമം അവനുായിരുന്നില്ല.

രാമത്, ജനനദിവസത്തേക്കാൾ മരണദിവസം നല്ലത് എന്നാണ് ശലോമോൻ പറഞ്ഞത്. ഈ ആശയത്തെ നാം പലപ്പോഴും തിരിച്ചാണ് കാണുന്നത്. ഒരു ശിശു ജനിക്കുമ്പോൾ നാം സന്തോഷിക്കുകയും പ്രിയപ്പെട്ട ഒരാൾ മരി

ക്കുമ്പോൾ നാം കരയുകയും ചെയ്യും. നാം ആഘോഷിക്കുന്നത് “മരണദിവസങ്ങളെ” അല്ല, ജനനദിവസങ്ങളെയാണ്. ശലോമോൻ പറയുന്നതനുസരിച്ച്, ഒരു ശിശു ജനിക്കുമ്പോൾ കരയുകയും മഹത്വത്തിലേക്ക് കയറിപോകുമ്പോൾ നാം സന്തോഷിക്കയും ചെയ്യണം.

മൂന്നാമത്, വിരുന്നുവീട്ടിൽ പോകുന്നതിനേക്കാൾ നല്ലത് ശവസംസ്ക്കാരത്തിൽ പങ്കെടുക്കുന്നത് നല്ലത്. എന്തുകൊ്? വിരുന്നിൽ അല്പം രസവും വയറുനിറച്ചു ആഹാരവും ലഭിക്കും, പക്ഷെ രും പെട്ടെന്ന് ഇല്ലാതാകും. നേരെ മറിച്ച്, വിലാപമാണെങ്കിൽ, ഹൃദയത്തെ ഗൗരവമായി പാകപ്പെടുത്തുന്നതിലേക്ക് നയിക്കും.

നാലാമത്, മൂഢന്റെ ഗീതം കേൾക്കുന്നതിനേക്കാൾ ജ്ഞാനിയുടെ ശാസന കേൾക്കുന്നത് മനുഷ്യന്ന് നല്ലത്. ശാസന തള്ളിക്കളഞ്ഞ് സംഗീതം കേൾക്കുന്നവരാണ് യുവാക്കൾ. ഉദാസീനമായ ആസ്വാദനം നിഷ്പ്രയോജനമാകുന്നു. മൂഢന്റെ ചിരി കലത്തിന്റെ കീഴിൽ കത്തുന്ന മുള്ളിന്റെ പൊടുപൊടുപ്പുപോലെ ആകുന്നു.

നമ്മുടെ മുൻഗണനകൾ ശരിയാകുന്നതുവരെ ആക്കേതുപോലെ ജീവിക്കുവാൻ നമുക്ക് സാധ്യമല്ല എന്ന ചിത്രീകരണമാണ് “ഒന്നിനേക്കാൾ മറ്റൊന്നാണ്” നല്ലത് എന്നതു സൂചിപ്പിക്കുന്നത്.

### അവസാനഫലത്തെ നോക്കുക (7:8-14)

ഒരു കായികാഭ്യാസിക്ക് പരിശീലനമാണ് മുൻഗണന. അയാളുടെ അദ്ധ്വാനവും വേദനയും അയാൾ ആസ്വദിക്കുന്നതുകൊ്, പേശികളുടെ വേദനയും, പ്രയാസവും, വിയർപ്പും ഒന്നും അയാൾ കാര്യമാക്കുകയില്ല. അയാളുടെ മുന്നിൽ ഓട്ടപ്പന്തയവും അവസാന ലൈനും മാത്രമാണുള്ളത്. നമുക്ക് നൽകപ്പെട്ട അവസരത്തിനിടയിൽ എന്തെല്ലാം സംഭവിക്കുന്നു എന്നതല്ല, മറിച്ച്, അവസാനം എങ്ങനെയാകുന്നു എന്നതാണ് വ്യത്യാസം ജനിപ്പിക്കുന്നത്. “ഒരു കാര്യത്തിന്റെ അവസാനം ആരംഭത്തേക്കാൾ നല്ലത്” (7:8).

ഗർവ്വമാനസനേക്കാൾ ക്ഷമാമാനസൻ ശ്രേഷ്ഠൻ എന്ന് നാം 7:8–10 ൽ വായിക്കുന്നു:

> നിന്റെ മനസിൽ അത്ര വേഗം നീരസം ഉാകരുത്. മൂഢന്മാരുടെ മാർവ്വിടത്തിലല്ലൊ നീരസം വസിക്കുന്നത്. “പത്തേ കാലം ഇപ്പോഴത്തേതിനേക്കാൾ നന്നായിരുന്നതിന്റെ കാരണം?” നീ ചോദിക്കരുത്. നീ അങ്ങനെ ചോദിക്കുന്നത് ജ്ഞാനമല്ലല്ലൊ.

ക്ഷമയില്ലായ്മ ക്ഷിപ്രകോപത്തിലേക്ക് നയിക്കും. പെട്ടെന്ന് ദേഷ്യംവരുന്നതുകൊ് ഒരു ഗുണവുമില്ല എന്നു മത്രമല്ല, നമ്മുടെ ജീവിതത്തെ അകലെയാക്കുന്നതിനും അത് കാരണമാക്കും. അതും, കൂടെ, വിഡ്ഢിത്തമാണ്. ചെറുപ്പമായിരിക്കുമ്പോൾ, നാം പെട്ടെന്ന് വളർന്ന് ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ അക്ഷമരായിരിക്കും. നാം പ്രായമാകുമ്പോൾ, നമുക്ക് വീും ചെറുപ്പമാകുവാനാണ് ആഗ്രഹം. അത്തരം ആഗ്രഹം ചുഴലിക്കാറ്റിനെ ഓടിക്കുവാൻ ശ്രമിക്കുന്നതുപോലെയാണ്. ജീവിതത്തിൽ നമ്മുടെ പങ്ക് നാം ക്ഷമയോടെ സ്വീകരിക്കുവാൻ ശീലിക്കണമെന്നാണ് ശലോമോൻ പറയുന്നത്.

അവകാശം ഉപയോഗിക്കുന്നതിന് ബുദ്ധി ഉപയോഗിക്കണമെന്നും ശലോ

മോൻ പറഞ്ഞിരിക്കുന്നു (7:11–14). പണത്തിനും ജ്ഞാനത്തിനും അതിന്റേതായ നേട്ടങ്ങളു്, കൈവശമുള്ള പണത്തിന്റെ ഉദ്ദേശം നൽകുന്നതു ജ്ഞാനമാണ്. രും ഉള്ളവർക്ക് അതിന്റെ ഗുണം ലഭിക്കും. ജ്ഞാനം കൂടാതെയുള്ള ഭാഗ്യം ദൗർഭാഗ്യമാണ്. നാം ദൈവത്തിന്റെ വഴികളെ കുറിച്ച് ചിന്തിക്കുമ്പോൾ, നമുക്ക് ദൈവത്തിന്റെ കാര്യപരിപാടികളെ മാറ്റുവാൻ കഴിയുകയില്ല എന്നു തിരിച്ചറിയുവാൻ കഴിയും. അവൻ വളച്ചുാക്കിരിക്കുന്നത് നമുക്ക് നേരെയാക്കുവാൻ സാധ്യമല്ല; നമുക്കുള്ള ജീവിതപങ്ക് നാം സ്വീകരിക്കുന്നതാണ് ഏറ്റവും നല്ലത്. നമുക്ക് സമൃദ്ധിയുാകുമ്പോൾ നാം സന്തോഷിക്കും; എന്നാൽ നമുക്ക് സമൃദ്ധി ലഭിക്കാതിരിക്കുമ്പോൾ, നാം അവനിൽ ആശ്രയിക്കേതിന് സമൃദ്ധിയും ഇല്ലായ്മയും ദൈവം ആണ് വരുത്തുന്നതെന്ന് നാം തിരിച്ചറിയണം. ഭാവിയിൽ എന്തു സംഭവിക്കുമെന്ന് നമുക്ക് അറിയായ്കകൊ് നാം ഭാവി കൈകാര്യം ചെയ്യുന്ന ദൈവത്തിൽ ആശ്രയിക്കുന്നതാണ് ഉത്തമം.

## അങ്ങേയറ്റങ്ങൾ ഉപേക്ഷിക്കുക (7:15-22)

പ്രയോജനമില്ലാത്ത പല അറ്റങ്ങളേയും ശലോമോൻ നിരീക്ഷിക്കുകയുായി (7:15–17). നല്ല മനുഷ്യർ ചെറുപ്പത്തിൽ തന്നെ മരിക്കുന്നതും, ദുഷ്ടന്മാർ ദീർഘകാലം ജീവിക്കുന്നതും അവൻ കാണുകയുായി. ന്യായമെന്ന് തോന്നാത്ത ര് അങ്ങേയറ്റങ്ങളാണ് അവ; അങ്ങയറ്റങ്ങൾ നിഷ്പ്രയോജനമെന്നാണ് അവ തെളിയിക്കുന്നത്. “ആധിക്യനീതിക്ക്” എതിരായും അവൻ സംസാരിച്ചിട്ടു്. മതഭ്രാന്തനാകുക എന്നത് അനാവശ്യവും ബുദ്ധിഹീനവുമെന്നായിരിക്കാം അവൻ പറഞ്ഞത്. ബുദ്ധിമാന്റെ പങ്കിന് അമിതപ്രാധാന്യം കൊടുക്കുന്നതിനെതിരായും അവൻ ഉപദേശിച്ചിട്ടു്. അങ്ങേയറ്റം ദുഷ്ടനാകുന്നതും പ്രത്യേകിച്ച് ഭോഷത്വമാണ്. എന്തിലെങ്കിലും അങ്ങേയറ്റം പോകുന്നവർ ജീവിതത്തിൽ നേരത്തെ തന്നെ നശിച്ചുപോകും.

ജീവിതത്തെ നാം നന്നായി കൈകാര്യം ചെയ്യേതു് (7:18–20). നാം ദൈവത്തിൽ ആശ്രയിക്കുകയും അവനെ ആദരിക്കുകയും ചെയ്താൽ, എല്ലാം നേരെയാവും. പത്തു പട്ടണപ്രമാണിമാരേക്കാൾ ശക്തി പകരുന്നതാണ് ഇത്തരം ജ്ഞാനം. എല്ലാവർക്കും ജ്ഞാനം ആവശ്യമാണ്, കാരണം എല്ലാവർക്കും തെറ്റു പറ്റും – അത് ശരിയായതു ചെയ്യുവാൻ ശ്രമിക്കുമ്പോഴും ശരിയാണ്.

തെറ്റായ വിവരങ്ങളോട് നാം അമിതമായി പ്രതികരിക്കരുത് (7:21, 22). അതു നമ്മെ കുറിച്ചാണെങ്കിൽ പോലും, അതു നമ്മെ അലട്ടുവാൻ അനുവദിക്കരുത്. ആരെയെങ്കിലും കുറിച്ച് എല്ലാവരും സംസാരിച്ചേക്കാം. നമ്മുടെ ജോലിക്കാർ പോലും നമ്മെക്കുറിച്ച് മോശമായി സംസാരിച്ചേക്കാം, അതിനെ നാം പരുഷമായിട്ടെടുക്കരുത്. നമ്മളും ചിന്തിക്കാതെ മറ്റുള്ളവരെ കുറിച്ച് മോശമായി സംസാരിച്ചിട്ടു്. ഇത് ഒരുപക്ഷെ നമ്മുടെ നാവുകളെ കൂടുതൽ ശ്രദ്ധിക്കുവാൻ സഹായിച്ചേക്കാം.

## ജ്ഞാനം പ്രാവർത്തികമാക്കുവാൻ ശീലിക്കുക (7:23-29; 8:1)

നമ്മുടെ ജീവിതത്തെ ശരിയാക്കുവാൻ നമുക്ക് ദൈവത്തിൽനിന്നു വരുന്ന ജ്ഞാനം ആവശ്യമാണ്. ദൈവത്തെ കുറിച്ചു വളരെ കുറച്ചുമാത്രം ചിന്തിക്കുന്ന ലോകത്തിൽ നാം ജീവിക്കുന്നതുകൊ്, ദൈവഭക്തിയെ കുറിച്ചു പഠിക്കുവാൻ നമുക്ക് പ്രയാസമാണ്. ദൈവഭക്തിയെ കുറിച്ചുള്ള വസ്തുതകൾ നാം പഠിച്ചാൽ പോലും, നമ്മുടെ സ്വന്തജീവിത സാഹചര്യങ്ങളിൽ അവ പ്ര

ാവർത്തികമാക്കുവാൻ നാം വിഷമിക്കുന്നു.

ശലോമോൻ ബുദ്ധിയുള്ളവനാകുവാൻ ആഗ്രഹിച്ചു, പക്ഷെ അതു വേരീതിയിൽ അവൻ പ്രാവർത്തികമാക്കിയില്ല (7:23–25). അവൻ പറഞ്ഞു ജ്ഞാനം "ദൂരവും അത്യഗാധവുമായിരിക്കുന്നു. അതു കണ്ടെത്തുവാൻ ആർക്ക് കഴിയും?" നല്ലതും മോശമായതുമായ കാര്യങ്ങളുടെ കാരണങ്ങൾ, മനസിലാക്കുവാൻ അവൻ ആഗ്രഹിച്ചു. ഈ ലോകത്തിൽ ഇത്രയുമധികം ഭോഷത്വവും ഭ്രാന്തും ഉള്ളത് എന്തുകൊണ്ടാണെന്നറിയുവാൻ അവൻ താൽപര്യപ്പെട്ടു. താൻ അത് മനസിലാക്കി എന്ന് അവൻ വിചാരിച്ചില്ല.

ലോകത്തിലെ ദുഷ്ടതകളിൽ ഏറ്റവും വലിയ ദുഷ്ടതയാണ്, ഒരു ദുഷ്ടസ്ത്രീ എന്ന് ശലോമോൻ കണ്ടെത്തി (7:26). ആ സ്തീയുടെ "ഹൃദയം വലയും കണിയുമാണ്" എന്നാണ് ശലോമോൻ പറഞ്ഞത്, അത് കയ്പുള്ള മരണത്തേക്കാൾ മോശമാണ്. ദൈവത്തെ പ്രസാദിപ്പിക്കുന്നവർക്കു മാത്രമെ അത്തരം സ്ത്രീയുടെ കണിയിൽനിന്നും വലയിൽനിന്നും രക്ഷപ്പെടുവാൻ കഴിയുകയുള്ളു. വ്യഭിചാരത്തിന്റെ ദൂഷ്യവശത്തെ ആയിരിക്കാം ശലോമോൻ സൂചിപ്പിച്ചത്.

പല വ്യക്തികളിൽ ഓരോരുത്തരെയായി പരീക്ഷിച്ച ശേഷം (7:27–29), ശലോമോൻ ഒരു തീർപ്പിലെത്തി. ശലോമോന്റെ വിലയിരുത്തലനുസരിച്ച് ആയിരംപേരിൽ ഒരാൾ മാത്രമാണ് ജ്ഞാനമുള്ളവനായി കണ്ടെത്തിയത്. സ്തീകൾക്കിടയിൽ അവന് അത്ര കണ്ടെത്താൻ കഴിഞ്ഞില്ല. ശലോമോൻ ബലഹീനതകളിൽപെട്ട ഒന്നായിരുന്നു സ്ത്രീകൾ. അവനെ അകറ്റുവാനിടയായ അന്യദേശക്കാരികളായ സ്ത്രീകളെ അവൻ വിവാഹം കഴിച്ചത് ദൈവത്തിനിഷ്ടമായില്ല (1 രാജാക്കന്മാർ 11). അവൻ ശരിയായ സ്ത്രീകളുമായി മാത്രം ബന്ധപ്പെട്ടിരുന്നുവെങ്കിൽ, ജ്ഞാനിയായ രാജാവിന്റെ തീർപ്പ് വ്യത്യസ്തമാകുമായിരുന്നു.

ഈ തീർപ്പിൽനിന്ന് മറ്റൊരു തീർപ്പുായി. ദൈവം എല്ലാവരേയും നല്ലവരായിട്ടാണ് സൃഷ്ടിച്ചത്, എന്നാൽ അവരോ അവനിൽനിന്നകലുവാൻ പല വഴികളും കണ്ടെത്തി. തങ്ങളെ സൃഷ്ടിച്ച ദൈവത്തെ മാത്രം ശ്രദ്ധിച്ചുകേൾക്കുവാൻ ആളുകൾക്കു കഴിഞ്ഞിരുന്നെങ്കിൽ, അവർ തങ്ങളെ തൃപ്തിപ്പെടുത്തുന്ന വഴികളെ സ്വീകരിപ്പാൻ പരീക്ഷിക്കപ്പെടുമായിരുന്നില്ല.

ദൈവത്തിന്റെ ജ്ഞാനമാണ് മനുഷ്യ ജീവിതത്തെ പ്രകാശിപ്പിക്കുന്നത് (8:1). അവൻ കർത്താവിൽ ആശ്രയിക്കുകയാണെങ്കിൽ, അവന് ജീവിതത്തിൽ തന്നെ തൃപ്തിപ്പെടുത്തുന്ന പുതിയ വഴികൾ കണ്ടെത്തേ ആവശ്യമില്ല. ദൈവിക ഉറപ്പിന്റേയും വിശ്വാസത്തിന്റേയും പ്രഭ അവന്റെ മുഖത്തെ ശോഭിപ്പിക്കും. കർത്താവിന്റെ സൗന്ദര്യം അവൻ മുഖാന്തരം മറ്റുള്ളവരിൽ പ്രകാശിക്കും.

### ഗവൺമെന്റധികാരികൾക്ക് കീഴ്പ്പെടുക (8:2-17)

ദൈവവാഗ്ദാനത്തെപോലെ ഗൗരവായി തന്നെ എടുക്കേണ്ടതാണ് രാജാവിന്റെ കല്പന (8:2–8). ഒരു രാജ്യത്തിലെ പൗരന് അന്യായം അനുഭവപ്പെട്ടാലും അവനിൽ ന്യൂനത കാണരുത് എന്നാണ് ശലോമോൻ ഉപദേശിച്ചത്. തനിക്ക് ബോധിച്ചത് ചെയ്യുവാനുള്ള അധികാരം രാജാവിനു്. തന്റെ ആധിപത്യത്തിൽ അവന്റെ വാക്കാണ് അധികാരം. ആരും അവനെ ചോദ്യം ചെയ്യുകയില്ല. രാജാവിന്റെ അധികാരത്തെ മാനിക്കുന്നവർ ശിക്ഷിക്കപ്പെടുകയില്ല. ജ്ഞാനിയായ മനുഷ്യൻ സമയവും വഴിയും കണ്ടെത്തി രാജാവിനെ ആദരിക്കും.

രാജ്യത്തെ ഭരണാധികാരികൾക്ക് കീഴ്പ്പെടുക എന്നത് ക്രിസ്ത്യാനികളുടെ മുൻഗണനകളിൽ പെടുന്നതാണ്. ഉയർന്ന അധികാരികൾക്ക് കീഴ്പ്പെട്ടിരിക്കുവാൻ പൗലൊസ് റോമയിലെ ക്രിസ്ത്യാനികളെ പഠിപ്പിക്കയുായി (റോമർ 13:1–7). അധികാരികൾക്ക് കീഴ്പ്പെടാത്തവർ തങ്ങളുടെ മുൻഗണനകളെ ശരിയാക്കാത്തവരാണ്. ഉദ്ദേശവും സമയവും നിമിത്തം നമുക്ക് സഹിക്കുവാൻ പ്രയാസമുള്ള കാര്യമാണെങ്കിലും, ജ്ഞാനം നമ്മെ അധികാരികൾക്ക് കീഴ്പ്പെടുവാൻ പ്രേരിപ്പിക്കുന്നതായി ശലോമോൻ തീർച്ചയാക്കി. സംഭവിക്കുവാൻ പോകുന്ന കാര്യം അറിയില്ലെങ്കിലും അതിൽനിന്ന് ഒഴിഞ്ഞു മാറുവാൻ ആർക്കും കഴിയുകയില്ല. താൻ എപ്പോൾ മരിക്കുമെന്ന് അവൻ അറിയുന്നില്ല. സമയം വരുമ്പോൾ, ആത്മാവിനെ ശരീരത്തിൽ പിടിച്ചു നിർത്തുവാൻ അവന് കഴിയുകയില്ല. നാമെല്ലാവരും പോരാടേ യുദ്ധമാണ് അത്. ആർക്കും അതിൽനിന്ന് ഒഴികഴിവില്ല. ഒരാൾക്ക് മരിക്കത്തക്കവണ്ണം അത്രയും മോശമാകുവാൻ സാധ്യമല്ല. ആയുസ് ചുരുക്കമാണ്, മരണം തീർച്ചയാണ്, മൽസരത്തിൽ ജീവിക്കുവാൻ നിത്യ ദൈർഘ്യമുള്ളതാണ്.

നേരെ മറിച്ച്, രാജാവ് പ്രജാപീഢകനായി തീരുന്നതാണ് ഏറ്റവും നിഷ്പ്രയോജനമായി ശലോമോൻ ക മറ്റൊരു കാര്യം (8:9–13). പ്രജാപീഢകൻ മരിക്കുമ്പോൾ, അവനെ ആഘോഷത്തോടെ അടക്കുകയും പെട്ടെന്ന് അവനെ ഓർമ്മ വിട്ടുപോകയും ചെയ്യും. പിന്നീട് അവനു പകരം വരുന്നവനും അതു തന്നെയാണ് ഗതി. അത്തരം ശിക്ഷ യാദൃശ്ചികമല്ല, മുമ്പുായ അനുഭവങ്ങളിൽനിന്ന് ആരും പഠിക്കുന്നില്ലെന്ന് തോന്നുന്നു. ആ പ്രജാപീഢകന്മാർ ചരിത്രത്തിൽനിന്ന് പാഠം പഠിക്കുന്നില്ല എങ്കിലും നമുക്ക് ഇതിൽനിന്ന് ര് കാര്യങ്ങൾ തീർച്ചയാക്കാം: (1) ഒരു പാപി നൂറുപ്രാവശ്യം തെറ്റുചെയ്താലും കുറച്ചു കാലം ജീവിക്കും, എന്നാൽ ദൈവഭയത്തോടെ ജീവിക്കുന്നവർക്ക് അവസാനം നീതിയും നന്മയും ലഭിക്കും (8:12), (2) ദുഷ്ടന് നന്മയോ ദീർഘായുസോ ലഭിക്കയില്ല കാരണം അവന് ദൈവഭയമില്ല (8:13).

ദുഷ്ടരായവരെ നല്ലവരെന്ന് കണക്കാക്കി അവരോട് പെരുമാറുന്നതും നീതിമാന്മാരെ ദുഷ്ടന്മാരെന്നവണ്ണം കണക്കാക്കി അവരോട് പെരുമാറുന്നതും ശരിയാണെന്ന് തോന്നുന്നില്ല എന്ന് ശലോമോൻ സമ്മതിച്ചു (8:14). തന്റെ അദ്ധ്വാനഫലം അനുഭവിക്കുവാൻ ദൈവം നൽകുന്നത് സ്വീകരിക്കുന്നതാണ് ഒരു മനുഷ്യന് നല്ലത് എന്ന് അവൻ തീർച്ചയാക്കി. അവൻ തന്റെ ഹൃദയത്തെ വിവേചനത്തിനായി തിരിച്ചപ്പോൾ, ദൈവത്തെ കൂടാതെ, ഒന്നും അർത്ഥമുള്ളതല്ല എന്ന് അവൻ തിരിച്ചറിഞ്ഞു. രാവും പകലും നാം ജീവിതത്തിന്റെ അർത്ഥം അന്വേഷിച്ചാലും കത്തുെകയില്ല. ജ്ഞാനി എന്നു കരുതുന്ന മനുഷ്യനുപോലും വാസ്തവത്തിൽ ദൈവത്തിന്റെ ഉദ്ദേശങ്ങൾ ശരിയായി മനസിലാക്കുവാൻ കഴിയുന്നില്ല (8:17).

**ഉപസംഹാരം**

ദൈവത്തിന്റെ മുൻഗണനകളെ തിരഞ്ഞെടുത്തവർക്ക് മാത്രമെ ജീവിതത്തെ ശരിയായനിലയിൽ ഉയർത്തുവാൻ കഴിയു. മുൻഗണനകൾ ശരിയാക്കിയവരെ ശേഷിച്ച ലോകം കണക്കാക്കുന്നത് ഭോഷത്വമായിട്ടാണ്. ചില മുൻഗണനകൾ ലോകത്തിന്റെ കാഴ്ച്ചപ്പാടനുസരിച്ച് അർത്ഥവത്തായി തോന്നുകയില്ല, എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്ന ദൈവഭക്തർക്ക് ഏറ്റവും നല്ലത് ഏതെന്ന് അറിയാം.